# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1526** — **16-03-2015 ൽ മറുപടിയ്ക്ക്**

### കർഷകർക്ക് സൗജന്യ വൈദ്യുതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കർഷകരാണ് സൗജന്യ വൈദ്യുതിക്ക് അർഹരായുള്ളവരെന്ന് വ്യക്ത മാക്കമോ; | (എ) കൃഷി വകപ്പിന്റെ സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യത്തിന് നെൽകർഷകർക്ക് ഭൂ പരിധിയില്ലാതെ അർഹതയുണ്ട്. കരഭൂമിയിൽ 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾ കൃഷി ചെയ്യുന്ന കർഷകരും പദ്ധതി ആനുകൂല്യത്തിന് അർഹരാണ്. |
| (ബി) ഇതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് പുന:സ്ഥാപിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ഉണ്ട്. |
| (സി) ഇത് പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതിചാർജ്ജ് വൈദ്യുതി ബോർഡിന് നൽകുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ; | (സി) കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം കെ.എസ്.ഇ.ബി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>i) 30 സെന്റിൽ കുറയാതെ കൃഷി ഭൂമി ഉള്ളവരും അതിൽ 75% ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവരുമായ വ്യക്തികൾക്ക്.<br>ii)10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക്.<br>iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർക്ക്<br>കാർഷിക വൈദ്യുതി സൗജന്യ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി ഭവൻ മുഖേന ബന്ധപ്പെട്ട വൈദ്യുതി ബോർഡ് ഓഫീസിലേക്ക് നൽകി വരുന്നു. പദ്ധതി പ്രകാരം കൃഷി ഭവനിൽ നിന്നും അംഗീകരിച്ചിട്ടുള്ള കർഷകരുടെ |

വൈദ്യുതി ചാർജ്ജ് സംബന്ധിച്ചുള്ള ഇൻവോയ്സ് ബന്ധപ്പെട്ട വൈദ്യുതി ബോർഡ് സെക്ഷൻ തയ്യാറാക്കി കൃഷി ഭവനിൽ നൽകുകയും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ തുക മാറി വൈദ്യുതി ബോർഡിലേക്ക് നൽകുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്.

(ഡി) ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നിലവിൽ പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) 1. ജി.ഒ.(എം.എസ്)311/95/കൃഷി തീയതി 31.08.1995
2.ജി.ഒ.(എം.എസ്)235/98/കൃഷി തീയതി 31.10.1998
3. ജി.ഒ.(എം.എസ്)30/99/കൃഷി തീയതി 4.02.1999
4. ബി.ഒ.എഫ്.ബി 2763/06 ഡി.പി.സി 1/ സിജി (1)/113/05 തീയതി 6.11.2006
എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

നിലവിൽ പ്രസ്തുത ഇനത്തിൽ ജില്ല തിരിച്ചുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| ജില്ല | കുടിശ്ശിക തുക (ലക്ഷം) |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 0.82 |
| ആലപ്പുഴ | 91.64 |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | 10.00 |
| തൃശ്ശൂർ | 270 |
| പാലക്കാട് | 195.83 |
| മലപ്പുറം | 27.00 |
| കോഴിക്കോട് | 9.25 |
| വയനാട് | 25.47 |
| കണ്ണൂർ | 3.1 |
| കാസർഗോഡ് | ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്